# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2633** **18.08.2017-ൽ മറുപടിക്ക്**

**മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കുളിക്കടവ് പാലം നിർമ്മാണം**

**ചോദ്യം**
**ശ്രീ.ഇ.പി.ജയരാജൻ**

(എ) 28.02.2011-ലെ സ.ഉ. (സാധാ) നം. 385/2011/പൊതുമരാമത്ത് ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കുളിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പു സാമ്പത്തിക വർഷം കുളിക്കടവ് പാലം നിർമ്മാണ പ്രവൃത്തി ടെൻഡർ ചെയ്ത് നിർമ്മാണം ആരംഭിക്കുവാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി**
**ശ്രീ.ജി.സുധാകരൻ**
**(ബഹു.പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പു മന്ത്രി)**

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കുളിക്കടവ് പാലത്തിന് 28.02.2011-ലെ സ.ഉ(സാധാ) നം.385/2011/ പൊ.മ.വ ഉത്തരവ് പ്രകാരം 450.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് 04.02.2012-ൽ 3.70 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുകയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും പാലത്തിന്റെ ജനറൽ ഡിസൈൻ ഡ്രോയിംഗ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഡീറ്റെയിൽഡ് ഡിസൈൻ ഡ്രോയിംഗ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കുളിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മട്ടന്നൂർ ഭാഗത്ത് അപ്രോച്ച് റോഡ് നിർമ്മാണത്തിനാവശ്യമായി വരുന്ന അധിക സ്ഥലം എത്രയുംപെട്ടെന്ന് ഏറ്റെടുത്ത് നൽകാമെന്ന് മട്ടന്നൂർ മുനിസിപ്പാലിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുത്ത് നൽകുന്ന മുറയ്ക്ക് റിവൈസ്ഡ് ഡിസൈൻ ലഭ്യമാക്കിയതിനുശേഷം പുതുക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചാൽ മാത്രമേ പാലത്തിന്റെ ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ